# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3296 — 16/12/2015-ൽ മറുപടിയ്ക്ക്

### ഷോപ്പിംഗ് കോംപ്ലക്സുകൾ

| ചോദ്യം<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ : | (എ) | സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി.വ്യവസ്ഥയിൽ നഗരസഭയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള വൻ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം : | (ബി) | നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതാണ് ഉദ്ദേശലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനു വേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27.09.2014 ലെ 2540/14/തസ്വഭവ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ